## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.136 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഉറസ്സായ സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം നിയന്ത്രിക്കാൻ നടപടി | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ചിറയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ<br>,, വി.ആർ. സുനിൽ കുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | രാത്രികാലങ്ങളിൽ നഗര-ഗ്രാമ വ്യത്യാസമില്ലാതെ പാതയോരങ്ങളിലും ജലസ്രോതസ്സുകളിലും കക്കൂസ് മാലിന്യം കൊണ്ടുവന്ന് നിക്ഷേപിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരത്തിലുള്ള ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്നവരെ നേരിടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | നഗരകാര്യം, പോലീസ്, ആരോഗ്യം, ടൗൺ പ്ലാനിംഗ്, പഞ്ചായത്ത് എന്നീ വകുപ്പുകളും മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യ സുരക്ഷാ വിഭാഗം എന്നിവയും പരിസ്ഥിതി സംബന്ധിച്ച നിയമങ്ങളെപ്പറ്റി സംസ്ഥാനതല ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പൊതു ജലാശയത്തിലോ, ജലമാർഗ്ഗത്തിലോ, ചപ്പുചവറുകളോ, മാലിന്യമോ, വിസർജ്ജ്യ വസ്തുക്കളോ അവശിഷ്ടങ്ങളോ നിക്ഷേപിക്കുകയോ ഒഴുക്കി വിടുകയോ ചെയ്യുന്നത് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 219 (എസ്), 219 (റ്റി) വകുപ്പുകൾ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 340 (എ) വകുപ്പ് എന്നിവ പ്രകാരം ശിക്ഷാർഹമാണ്. ഇതിന് 10,000/- രൂപ മുതൽ 25,000/- രൂപ വരെ പിഴ ശിക്ഷയും ആറ് മാസത്തിൽ കുറയാതെ ഒരു വർഷം വരെയുള്ള തടവു ശിക്ഷയും ലഭിക്കാവുന്നതാണ്. കൂടാതെ മേൽ പ്രസ്താവിച്ച തരത്തിലുള്ള പ്രവൃത്തികൾക്ക് 2018-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ആക്റ്റിലെ 37 (4), 70 (എ)), 72 എന്നീ വകുപ്പുകൾ പ്രകാരം മൂന്ന് വർഷം വരെ തടവുശിക്ഷയോ, രണ്ട് ലക്ഷം വരെ പിഴയോ, രണ്ടും കൂടിയോ ശിക്ഷ ലഭിക്കുന്നതാണ്. ഇപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യ സംഭരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ; | (സി) & (ഡി) | കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യ സംഭരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ പട്ടിക തയ്യാറാക്കി അവർക്ക് രജിസ്ട്രേഷനും, ലൈസൻസും നൽകുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | ഇത്തരം സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുമോ; വ്യക്തമാക്കാമോ; | | |
| (ഇ) | ഉറസ്സായ സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്ന ടാങ്കർ ലോറികളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിയമവിരുദ്ധമായി കൊണ്ടു പോകുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 (യു), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 340 (ബി) എന്നീ വകുപ്പുകൾ പ്രകാരം പിടിച്ചെടുക്കാവുന്നതും, പിടിച്ചെടുക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്ന സാഹചര്യത്തിൽ ലേലം ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്യാവുന്നതാണ്. ഇതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ